പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5396** **28.07. 2015-** ലെ മറുപടി

## <u>വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസി കേരളീയരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ.പി.തിലോത്തമൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)വിദേശ രാജ്യങ്ങളിൽ വിവിധ ജോലികൾക്കായി പോകുകയും അവിടെ വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുകയും ചെയ്ത എത്ര കേസുകൾ ഈ സർക്കാർ കാലയളവിൽ ഉണ്ടായി എന്ന് പറയാമോ ; | എ) വിദേശരാജ്യങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുന്നവരുടെ വിശദവിവരങ്ങൾ സർക്കാരിൽ ലഭിക്കാറില്ല. വിദേശരാജ്യങ്ങളിൽ ജോലി തേടിപ്പോയി വിവിധ സാഹചര്യങ്ങളിൽ മരണപ്പെട്ടവരുടെ 19 ഓളം കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ നോർക്ക റൂട്ട്സിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| ബി)വിവിധ വിദേശ രാജ്യങ്ങളിൽ ജോലിക്കുപോയി അവിടെ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ, കൂലി, കുടിശ്ശിക, ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാറുണ്ടോ ;<br><br>സി)ഇപ്രകാരം തുക ലഭിക്കാത്ത കേസുകളിൽ ഈ പ്രസ്തുത ലഭിക്കുന്നതിന് കേരള സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ; | ബി & സി) വിവിധ വിദേശരാജ്യങ്ങളിൽ ജോലിക്കു പോയി അവിടെ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ ആനുകൂല്ല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ആയത് ഇന്ത്യൻ എംബസ്സി യുടെ ശ്രദ്ധയിൽകൊണ്ടുവന്ന് സർവ്വീസ് ആനുകൂല്ല്യ ങ്ങളും, മറ്റ് ആനുകൂല്യങ്ങളും വേഗത്തിൽ ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| ഡി)ഇപ്രകാരം ജോലിക്കായി വിദേശങ്ങളിൽ പോയി മരണമടയുന്നവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായംഎത്രയാണെന്ന് പറയാമോ? | ഡി)ഇപ്രകാരം വിദേശരാജ്യങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് സാന്ത്വന/ചെയർമാൻഫണ്ട് പദ്ധതിയിൻ കീഴിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 1 ലക്ഷം രൂപയും, പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമക ളായ പ്രവാസികൾ അപകടത്തിൽ മരണപ്പെട്ടാൽ കുടും ബാംഗങ്ങൾക്ക് 2 ലക്ഷം രൂപയും ധനസഹായമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ